**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.02.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1440**

**വിഴിഞ്ഞം ഹാർബറിലെ അപകടങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം ഹാർബറിൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ടിൽ തട്ടി തിരമാലകൾക്ക് ഗതിമാറ്റം സംഭവിക്കുന്നതും മണലടിയുന്നതും മൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ടിൽ തട്ടി തിരമാലകൾക്ക് ഗതിമാറ്റം സംഭവിക്കുകയും തന്മൂലം ഹാർബർ ബേസിനുള്ളിൽ ചെറിയ തോതിൽ തിരയിളക്കം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ഇതുമൂലം വലിയ അപകടങ്ങൾ ഒന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.<br>നിർമ്മാണം നടക്കുന്ന വേളയിൽ ഉണ്ടായ അപകടങ്ങളെ കുറിച്ച് 'L&T Infrastructure Engineering Limited' മുഖാന്തിരം പഠനം നടത്തുകയും ടി പ്രതിഭാസം തുറമുഖ നിർമ്മാണം മൂലമല്ലെന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ടി പ്രതിഭാസം വിശദമായി പഠിക്കുന്നതിനും പ്രദേശവാസികളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുമായി 'Central Water and Power Research Station' മുഖാന്തിരം 'Physical Model Study' ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച പരിഹാരനടപടികൾ വിശദീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**